# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *341 - 15/03/2017 - ലെ മറുപടിക്ക്

### എസ്.ബി.ടി - എസ്.ബി.ഐ ലയനം

**ചോദ്യം** **ഉത്തരം**

ശ്രീമതി. അയിഷാ പോറ്റി
ശ്രീ. രാജു എബ്രഹാം
ശ്രീ. സി.കെ. ഹരീന്ദ്രൻ
ശ്രീ. ജോൺ ഫെർണാണ്ടസ്

ഡോ. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ. | സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ചെറിയ ബാങ്കായ എസ്.ബി.ഐ. വലിയ ബാങ്കായ എസ്.ബി.ടിയെ പിടിച്ചെടുക്കാനുള്ള നീക്കം നടത്തുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്ത് ഉണ്ടാക്കാനിടയുള്ള പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | എസ്.ബി.ഐ. - എസ്.ബി.റ്റി ലയനത്തിനെതിരെ Save SBT Forum ഫയൽ ചെയ്ത WP(C) No.28770/2016 കേസിൽ സംസ്ഥാന സർക്കാർ സമർപ്പിച്ച സത്യവാങ്മൂലത്തിൽ എസ്.ബി.ഐ. -എസ്.ബി.റ്റി ലയനം സംസ്ഥാനത്തിന്റെ വികസന താൽപര്യങ്ങളെ ബാധിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.<br>കർഷകർക്ക് കുറഞ്ഞ നിരക്കിലുള്ള വായ്പ നൽകികൊണ്ട് സംസ്ഥാനത്തിന്റെ കാർഷിക മേഖലയുടെ വളർച്ചയിൽ ഗണ്യമായ ഒരു പങ്കാണ് എസ്.ബി.റ്റി വഹിക്കുന്നത്. എസ്.ബി.റ്റി സംസ്ഥാന സർക്കാരുമായി സഹകരിച്ച് കാർഷിക, സഹകരണ, സ്വയംതൊഴിൽ തുടങ്ങിയ മേഖലകൾക്കുള്ള വായ്പകളിൻ മേലുള്ള സബ്സിഡികൾ നൽകിവരുന്നു. കൂടാതെ വലിയൊരു വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ നൽകുന്നതും എസ്.ബി.റ്റിയാണ്. അതിലുപരി, മറ്റ് ബാങ്കുകളെ അപേക്ഷിച്ച് സംസ്ഥാനത്തെ സാധാരണ ജനങ്ങൾക്ക് വായ്പകൾ നൽകുന്നത് പ്രധാനമായും എസ്.ബി.റ്റി ആണ്. ശ്രദ്ധേയമായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം, സ്കോളർഷിപ്പ് സ്കീം തുടങ്ങിയ സ്കീമുകളും |

| | | |
|---|---|---|
| | | DBT മുഖേനയുള്ള പ്രധാനപ്പെട്ട എല്ലാ സാമ്പത്തിക ഇടപാടുകളും സംസ്ഥാന സർക്കാർ എസ്.ബി.റ്റി. മുഖേനയാണ് നടപ്പിലാക്കുന്നത്. ആയതിനാൽ എസ്.ബി.ഐ.-എസ്.ബി.റ്റി ലയനം ഇത്തരത്തിലുള്ള സംസ്ഥാനത്തിന്റെ സാമ്പത്തിക ഇടപാടുകളെ പ്രതികൂലമായി ബാധിക്കുന്നു. സംസ്ഥാനത്ത് ലഭിക്കുന്ന മൊത്തം നിക്ഷേപത്തിന്റെ 90 ശതമാനവും കാർഷിക, വ്യവസായ, വിദ്യാഭ്യാസ മേഖല കൾക്ക് വായ്പയായി നൽകുന്നതിനാൽ ഇത് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ വികസന ത്തിൽ നിർണ്ണായകമായ പങ്കു വഹിക്കുന്നു. പ്രാദേശികമായ വികസന താൽപര്യങ്ങൾക്ക് മുൻഗണന നൽകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്ന എസ്.ബി.റ്റി പോലുള്ള ബാങ്ക് ദേശീയ താൽപര്യങ്ങൾക്ക് മുൻഗണന കൊടുക്കുന്ന ഒരു ബാങ്കായി മാറുന്നത് സംസ്ഥാനത്തിന്റെ വികസന താൽപര്യങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. |
| ബി | സംസ്ഥാനത്തിന്റെ നിക്ഷേപ സമ്പാദ്യ ങ്ങളെ ലയന നടപടി ബാധിക്കാതിരിക്കാൻ ബദൽ മാർഗ്ഗങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ? | സംസ്ഥാനത്തിന്റെ നിക്ഷേപ സമ്പാദ്യങ്ങളെ ലയന നടപടി ബാധിക്കുമെന്ന് കരുതുന്നില്ല. |

Sreekumar K

**സെക്ഷൻ ഓഫീസർ**